## 15 -ാം കേരള നിയമസഭ

## 4 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1632** | **15-03-2022 - ൽ മറുപടിയ്ക്ക്**

## ഭക്ഷ്യോത്പന്നങ്ങളുടെ മൂല്യ വർദ്ധിത യൂണിറ്റ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | null<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഓരോ ജില്ലയിലും ഭക്ഷ്യോത്പന്നങ്ങളുടെ മൂല്യ വർദ്ധിത യൂണിറ്റുകൾ ആരംഭിയ്ക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ആയതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | കാർഷികോല്പന്നങ്ങളുടെ മൂല്യവർധനവ് ലക്ഷ്യമിട്ടുകൊണ്ടാണ് എസ്.എഫ്.എ.സി. വഴിയുള്ള പദ്ധതികൾ നടപ്പാക്കുന്നത്. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിൽ മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണ വ്യവസായങ്ങൾക്ക് താഴെപ്പറയുന്ന പദ്ധതികളാണ് എസ്.എഫ്.എ.സി. വഴി നടപ്പിലാക്കുന്നത് . ഇത്തരം സംരംഭങ്ങൾ തുടങ്ങുന്നതിനായി ഈ വർഷം 400 ലക്ഷം രൂപയാണ് എസ്.എഫ്.എ.സി.യ്ക്ക് അനുവദിച്ചിട്ടുള്ളത്. പുതിയ 50 FPO കളും നിലവിലുള്ള 50 FPO കളെ ശക്തീകരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. കൂടാതെ വി.എഫ്.പി.സി.കെ മുഖേന ഉത്പന്നങ്ങൾ അടിസ്ഥാമാക്കി 38 എഫ്.പി.ഓ കൾ റജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്. കാർഷികോൽപ്പാദനം, മൂല്യവർദ്ധനവ്, അവയുടെ വിപണനം എന്നിവയുടെ എല്ലാം ഏകോപനവും FPO കൾ ഉറപ്പാക്കുന്നതാണ്. നഗര സംസ്കരണ കേന്ദ്രങ്ങൾ ശക്തിപെടുത്തൽ കണ്ടെയ്നർ മാതൃകയിലുള്ള സംസ്കരണ/വിപണന കേന്ദ്രം, സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ, സെക്കൻഡറി നഗര സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കൽ/ ഇൻക്യുബേഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കൽ, എന്നിവ കൃഷി വകുപ്പ് സ്വന്തമായും സഹകരണവകുപ്പുമായി ചേർന്നും നടപ്പിലാക്കുന്നു. കൂടാതെ വ്യക്തികൾക്ക് സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതിനു 50%സബ്സിഡി നിരക്കിൽ 51 പേർക്ക് 84 ലക്ഷം രൂപയും, PACS, FPO, മറ്റു സ്ഥാപനങ്ങൾ എന്നിവ മുഖേന സ്ഥാപിക്കുന്ന സംസ്കരണ മൂല്യ വർദ്ധിത യൂണിറ്റുകൾ എന്നിവ സ്ഥാപിക്കുന്നതിനും 9 യൂണിറ്റുകൾക്ക് 94 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

| ക്രമ നം. | സംരംഭം | മൂലധന നിക്ഷേപം | സബ്സിഡി |
|---|---|---|---|
| 1 | സൂക്ഷ്മ തല സംരംഭം | 25 ലക്ഷം രൂപ വരെയുള്ള സംരംഭം | 50% പരമാവധി<br>10 ലക്ഷം |
| 2 | ചെറുകിട സംരംഭം | 25 ലക്ഷം മുതൽ 1 കോടി രൂപ വരെയുള്ള സംരംഭം | 40% പരമാവധി<br>25 ലക്ഷം |
| 3 | ഇടത്തരം സംരംഭം | 1 കോടി മുതൽ 5 കോടി വരെ രൂപ വരെയുള്ള സംരംഭം | 30% പരമാവധി 50 ലക്ഷം |